**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5140** **20-03-2025 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിലെ പരിധിയിൽ കവിഞ്ഞ ഭൂമിയുടെ രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | അട്ടപ്പാടിയിലെ മൂലഗംഗൽ, വെള്ളകുളം, വെച്ചപ്പതി എന്നീ ആദിവാസി പ്രകൃതികളിലെ ഭൂമി ഉൾപ്പെടെ ഷോളയൂർ വില്ലേജിൽ വൻതോതിൽ ഭൂമി രജിസ്ട്രേഷൻ നടന്നിട്ടുള്ളതായി രജിസ്ട്രേഷൻ വകുപ്പ മന്ത്രിക്ക് പരാതി ലഭിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | കോയമ്പത്തൂർ സ്വദേശിയായ ഉമശേഖർ, സനാതന ട്രസ്റ്റ് ചാലക്കുടി, നവനിർമ്മാണം എഡ്യൂക്കേഷൻ ആൻഡ് ചാരിറ്റബിൾ സൊസൈറ്റി, ആബിൻവില്ല എന്നീ പേരുകളിൽ എത്ര ഏക്കർ ഭൂമിയുടെ രജിസ്ട്രേഷനാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | പാലക്കാട് ജില്ലയിലെ അഗളി സബ് രജിസ്ട്രാർ ഓഫീസിൽ സനാതന ട്രസ്റ്റ് ചാലക്കുടി എന്ന സ്ഥാപനത്തിന്റെ പേരിൽ 1582/2008, 1583/2008, 180/2009, 181/2009, 191/2009, 192/2009, 193/2009, 547/2009, 548/2009, 549/2009, 550/2009, 558/2009, 585/2009, 590/2009 എന്നീ ആധാരങ്ങൾ പ്രകാരം 2161.32 ആർസ് വസ്തു വാങ്ങിയിട്ടുള്ളതും ടി വഹകളിൽ നിന്നും 196/2014, 197/2014, 198/2014 എന്നീ ആധാരങ്ങൾ പ്രകാരം 465.41 ആർസ് വസ്തു വിറ്റിട്ടുള്ളതുമാണ്.<br><br>പാലക്കാട് ജില്ലയിലെ അഗളി സബ് രജിസ്ട്രാർ ഓഫീസിൽ നവനിർമ്മാണം എഡ്യൂക്കേഷൻ & ചാരിറ്റബിൾ സൊസൈറ്റി എന്ന സ്ഥാപനത്തിന്റെ പേരിൽ 1398/2004, 400/2004, 1203/2004, 1202/2004, 1399/2004, 401/2004 എന്നീ ആധാരങ്ങൾ പ്രകാരം 1226.68 ആർസ് വസ്തു വാങ്ങിയിട്ടുള്ളതും ടി വഹകളിൽ നിന്നും 232/2022, 233/2022, 234/2022, 235/2022, 236/2022, 237/2022, 866/2022 എന്നീ ആധാരങ്ങൾ പ്രകാരം 1226.68 ആർസ് വസ്തു വിറ്റിട്ടുള്ളതുമാണ്. |
| (സി) | പരിധിയിൽ കൂടുതൽ ഭൂമി രജിസ്ട്രേഷൻ നടത്താനും കൈവശം വെയ്ക്കാനും ഇവർക്ക് സർക്കാർ ഇളവുകളെന്തെങ്കിലും അനുവദിച്ചിട്ടുണ്ടോ; | (സി) | കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി സംബന്ധിച്ചുള്ള വിവരം റവന്യൂ റെക്കോർഡ് പ്രകാരമുള്ളതായതിനാൽ രജിസ്ട്രേഷൻ വകുപ്പിന് ഭൂപരിധി സംബന്ധിച്ചുള്ള വിവരം ലഭ്യമല്ല. ആയതിനാൽ പരിധിയിൽ കൂടുതൽ ഭൂമി രജിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | | | നടത്താനും കൈവശം വെയ്ക്കാനും ഇവർക്ക് രജിസ്ട്രേഷൻ വകുപ്പ് ഇളവുകളൊന്നും അനുവദിച്ചിട്ടില്ല. |
| (ഡി) | ഇളവുകൾ ഇല്ലാതെ അട്ടപ്പാടിയിൽ പരിധിയിൽ കവിഞ്ഞ ഭൂമി വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിന് ഇവർക്ക് കഴിയുന്നതെങ്ങനെയാണെന്ന് വ്യക്തമാക്കാമോ; | (ഡി) | പിരിവ് (സി) യിലെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (ഇ) | ചാരിറ്റബിൾ സൊസൈറ്റികൾക്ക് റിയൽ എസ്റ്റേറ്റ് ഇടപാട് നടത്തുന്നതിന് നിലവിലെ നിയമങ്ങളും ചട്ടങ്ങളും വ്യവസ്ഥ ചെയ്യുന്നുണ്ടോ; ഇതു സംബന്ധിച്ച് രജിസ്ട്രേഷൻ വകുപ്പ് നിയമനടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ? | (ഇ) | ചാരിറ്റബിൾ സൊസൈറ്റികൾക്ക് റിയൽ എസ്റ്റേറ്റ് ഇടപാട് നടത്തുന്നതിന്, ചാരിറ്റബിൾ സൊസൈറ്റി നിയമങ്ങളായ 1955 -ലെ തിരുവിതാംകൂർ കൊച്ചി ശാസ്ത്ര സാഹിത്യ ധർമ്മ സ്ഥാപന രജിസ്ട്രേഷൻ നിയമം, 1860 -ലെ സൊസൈറ്റി രജിസ്ട്രേഷൻ നിയമം എന്നിവയിൽ വ്യവസ്ഥകൾ ഉള്ളതായി കാണുന്നില്ല. ചാരിറ്റബിൾ സൊസൈറ്റികൾ റിയൽ എസ്റ്റേറ്റ് ഇടപാടുകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ